കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതി- 2009-10 വാർഷിക പദ്ധതിയിൽ വകയിരുത്തിയ വികസനഫണ്ട് വിഹിതം - ഷോർട്ട് ഫാൾ കണക്കാക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാ)നം: 1051/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 26/3/2010

---

പരാമർശം:- 1. സ.ഉ.(എം.എസ്) നം.177/06/ധന തീയതി 12/4/2006
2. സ.ഉ(പി)നം.603/06/ധന തീയതി 22/12/2007
3. സ.ഉ( എം.എസ്) നം.207/10/തസ്വഭവ തീയതി 7/11/2009

ഉത്തരവ്

സംസ്ഥാനത്തെ വീടില്ലാത്ത എല്ലാവർക്കും വീട് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ പരിഷ്ക്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (3) പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പരിഷ്ക്കരിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം മിക്കവാറും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രക്രിയ പൂർത്തിയാക്കി നിർവഹണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുഖ്യമായും വായ്പയിലൂടെയാണ് ഭവന പദ്ധതിക്കുള്ള ഫണ്ട് കണ്ടെത്തുന്നതെങ്കിലും 2009-10-ലെ വികസന ഫണ്ട് വിഹിതത്തിൽ നിന്നും 15 ശതമാനത്തിൽ കുറയാതെയുള്ള തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാറ്റിവച്ചിട്ടുണ്ട്.

2. ബാങ്ക് വായ്പ , വികസനഫണ്ട്, തനത് ഫണ്ട് തുടങ്ങി വിവിധ സ്രോതസ്സുകളിലൂടെ ഭവന പദ്ധതിക്ക് ലഭ്യമാകുന്ന വിഹിതത്തിന്റെ വിനിയോഗത്തിന് ഏകീകൃത രീതി അവലംബിക്കുന്നതിന്റെ ഭാഗമായി എല്ലാ ഫണ്ടുകളും വായ്പയെടുക്കുന്ന ബാങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്റെയും നിർവഹണ ഉദ്യോഗസ്ഥന്റെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് ആരംഭിച്ച് അതിൽ നിക്ഷേപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ആ അക്കൗണ്ടിൽ നിന്നും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഗഡുക്കളായി തുക അനുവദിച്ചു നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. വിവിധ സ്രോതസ്സുകളിലൂടെ ലഭ്യമാകുന്ന വിഹിതം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും വായ്പയുടെ ഒന്നാം ഗഡു അനുവദിച്ചതിനു ശേഷം മാത്രമേ അക്കൗണ്ട് ആരംഭിക്കാൻ പാടുള്ളൂവെന്ന് പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുണ്ട്.

3. ഉദ്യോഗസ്ഥരുടെ സംഘങ്ങളെ നിയോഗിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും സർക്കാർ അനുമതി നേടി വായ്പ ലഭ്യമാക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം 2009-10 വാർഷിക പദ്ധതിയിൽ ഇ.എം.എസ് ഭവന പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള വിഹിതം വിനിയോഗിക്കാൻ കഴിയുകയില്ല. അതു കാരണം അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയൊരു തുക നഷ്ടപ്പെടുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. സൂചന ഒന്ന്, രണ്ട് എന്നീ ഉത്തരവുകളിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം വികസന ഫണ്ട് വിഹിതത്തിൽ മാർച്ച് 31-ന് 80 ശതമാനം തുക ചെലവഴി

ക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 80 ശതമാനം ചെലവ് ആകുന്നതിന് വേണ്ടിയിരുന്ന തുക (ഷോർട്ട് ഫാൾ) നഷ്ടപ്പെടുന്നതാണ്.

4. ഇ.എം.എസ് ഭവന പദ്ധതിക്ക് വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിയാത്തതിലൂടെ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനെയും ബാധിക്കും. ഭവന പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെട്ടതായി കണക്കാക്കി ഷോർട്ട് ഫാൾ നിശ്ചയിക്കുകയാണെങ്കിൽ ഈ സാഹചര്യം ഒഴിവാക്കാൻ കഴിയും

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾ 2009-10 വാർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ ഇ.എം.എസ് ഭവന പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള വികസന ഫണ്ട് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെട്ടതായി കണക്കാക്കുന്നതാണ്. ഷോർട്ട് ഫാൾ തുക നിശ്ചയിക്കുന്നതിന് ഈ തുക കണക്കാക്കുന്നതല്ലായെന്നും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ് സൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ് സൻ മാർക്കും
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ